I/76332/2023

നം. DDDKER/487/2023-C1

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:17-04-2023

**സർക്കുലർ നം.13/2023**

വിഷയം:- ക്ഷീരവികസന വകുപ്പ് - നിലവിലുള്ള വിഭവങ്ങളിൽ നിന്നും അധിക പാലുൽപാദനവും സംഭരണവും സാധ്യമാവുന്നതിലേയ്ക്കായി പശു/എരുമകളുടെ കറവകൾ തമ്മിലുള്ള ഇടവേള 12 മണിക്കൂർ ലഭിക്കുന്നതിന് ക്ഷീരസഹകരണ സംഘങ്ങളിലെ പാൽ സംഭരണ സമയം ക്രമീകരിക്കുന്നതിന് 1969 ലെ കേരള സഹകരണ സംഘങ്ങൾ നിയമം, വകുപ്പ് 66 എ പ്രകാരം നൽകുന്ന നിർദ്ദേശം

സൂചന :-

1) പടവ് -2023 സംസ്ഥാന ക്ഷീരസംഗമത്തിൽ ബഹു.മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി നൽകിയ നിർദ്ദേശം.
2) കെ.സി.എം.എം.എഫ് ന്റെ 29/03/2023 ലെ KCMMF/HO/P&I/170/2023/8176 നമ്പർ കത്ത്.

പശു/എരുമകളുടെ രണ്ടുനേരങ്ങളിലെ കറവകൾ തമ്മിലുള്ള ഇടവേള 12 മണിക്കൂർ ആയി ക്രമീകരിക്കുന്നത് ടി ഉരുക്കളുടെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്നു എന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിൽ 98 ശതമാനത്തിലധികവും പശുക്കളിൽ നിന്നാണ്. നിലവിൽ സംസ്ഥാനത്തെ കറവ പശുക്കളിൽ 95% സങ്കരയിനമാണ്. ഇവയുടെ പ്രതിദിന പാലുൽപാദനക്ഷമത ശരാശരി 10 ലിറ്റർ ആയതിനാൽ, ദിവസത്തിൽ 2 കറവകൾ മതിയാവുന്നതാണ്. ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തങ്ങളുടെ ഉരുക്കളുടെ കറവകൾ തമ്മിലുള്ള ഇടവേള 12 മണിക്കൂർ ആയി ക്രമീകരിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനായി കർഷകരിൽ നിന്നും പാൽ സംഭരിക്കുന്നതിലെ സമയക്രമത്തിലും ആയതുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങളിലും അവശ്യം വേണ്ട പുനക്രമീകരണങ്ങൾ നടത്തി ആപ്കോസ്, നോൺ ആപ്കോസ്, വഴിയുള്ള പാൽ സംഭരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടത് അനിവാര്യമാണെന്ന് കാണുന്നു.

നിലവിൽ പലയിടത്തും മിൽമ പ്രാഥമിക ക്ഷീരസംഘങ്ങളിൽ നിന്നും 2 നേരമായി പാൽ സംഭരിക്കുന്നതിലെ ഇടവേള ശരാശരി 8-9 മണിക്കൂർ ആണ് എന്ന് മനസ്സിലാക്കുന്നു. ടി ഇടവേള 12 മണിക്കൂർ ആയി വർദ്ധിപ്പിക്കുന്നത് ഉരുക്കളുടെ ഉൽപാദനം കൂട്ടുന്നതിനും നിലവിലുള്ള അതേ വിഭവങ്ങളിൽ നിന്നും (പശു, തീറ്റ, കർഷകരുടെ അദ്ധ്വാനം മുതലായവ) ഉൽപ്പാദന വർദ്ധനവ് ഉണ്ടാക്കുന്നതിനും അതുവഴി ക്ഷീരകർഷകർക്ക് അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി മറ്റ് ജോലികളിൽ വ്യാപൃതരാവുന്നതിനും പാലിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും കന്നുകാലിക്കുണ്ടാകുന്ന ശാരീരിക സമ്മർദ്ദം ഒഴിവാക്കി ബയോളജിക്കൽ റിഥം സ്ഥാപിക്കുന്നതിനും, അകിടിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും അകിടുകോശകലകളുടെ ആരോഗ്യം പുനസ്ഥാപിക്കുന്നതിന് കറവകൾക്കിടയിൽ അധികസമയം ലഭ്യമാവുന്നതിനും

ചികിത്സാചെലവുകൾ കുറയ്ക്കുന്നതിനും ആന്റീബയോട്ടിക്കുകളുടെ ഉപയോഗവും ആന്റിമൈക്രോബിയൽ റസിസ്റ്റൻസും കുറയ്ക്കുന്നതിനും പശുക്കളുടെ ആശ്വാസത്തിനും അകിടുവീക്കം പോലുള്ള രോഗങ്ങൾ ഒഴിവാക്കുന്നതിനും അധിക പാൽ ലഭ്യമാകുന്നതുവഴി കർഷകന് വിപണനത്തിനുള്ള പാലിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും ക്ഷീരസഹകരണ സംഘങ്ങൾ വഴിയുള്ള ഗുണമേന്മയുള്ള പാലിന്റെ സംഭരണം മെച്ചപ്പെടുത്തുന്നതിനും കർഷകന് നിലവിൽ ലഭ്യമായ വിഭവത്തിൽ നിന്നും പരമാവധി അധിക വരുമാനം കണ്ടെത്തുന്നതിനും പാൽ കുടിക്കുന്ന കന്നുകുട്ടികളുടെ ഭക്ഷണത്തിനിടയിലെ സമയക്രമം മെച്ചപ്പെടുത്തിക്കൊണ്ട് അവയുടെ ശരിയായ ദഹനം, അവയുടെ പരമാവധി വളർച്ച എന്നിവ കൈവരിക്കുന്നതിനും കന്നുകുട്ടികളുടെ മരണനിരക്ക് കുറയ്ക്കുന്നതിനും കറവക്കാലം കുറയാതെ നിലനിർത്തുന്നതിനും പശുക്കളുടെ പാൽചുരത്തൽ ശേഷി വർദ്ധിപ്പിക്കുന്നതിനും പശുക്കളുടെ കറവക്കാലത്തെ ഉൽപാദനക്ഷമത, ആജീവനാന്ത ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനും സംഭരണ വർദ്ധനവിലൂടെ സഹകരണ മേഖലയ്ക്ക് ഉണ്ടാകാവുന്ന വരുമാന വർദ്ധനവ് കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും ഉൽപാദനക്ഷമത മെച്ചപ്പെടുത്തി പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനും സഹായകരമാവുന്നു.

മേൽ വസ്തുതകൾ കണക്കിലെടുത്ത് പശു/എരുമകളുടെ പാലുൽപാദനവും, ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് 12 മണിക്കൂർ ഇടവേളകളിൽ തങ്ങളുടെ കന്നുകാലികളെ കറക്കുന്നതിനുള്ള അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിലേയ്ക്കായി സംഘങ്ങളിൽ പാലൊഴിക്കുന്നതിനും സംഘങ്ങളിൽ നിന്നും മിൽമ പാൽ ശേഖരിക്കുന്നതിനുമുള്ള നിലവിലെ ഇടവേള ക്രമപ്പെടുത്തേണ്ടത് ക്ഷീരകർഷകരുടെയും ക്ഷീരസഹകരണ സംഘങ്ങളുടെയും ഉന്നമനത്തിനുതകുന്ന വിഷയമായതിനാൽ, കർഷകർ ദിവസത്തിൽ രണ്ടുനേരങ്ങളിലായി സംഘത്തിൽ പാൽ അളക്കുന്നതിനുള്ള ഇടവേള 12 മണിക്കൂറായി ക്രമപ്പെടുത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്കും (ആപ്കോസ്, നോൺ ആപ്കോസ്), ടി സമയക്രമത്തിന് അനുസൃതമായി സംഘങ്ങളിൽ / BMC കളിൽ നിന്നും പാൽസംഭരണ സമയം ക്രമീകരിക്കുന്നതിന് മൂന്ന് മേഖലാ യൂണിയനുകൾക്കും, കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനും 1969 ലെ കേരള സഹകരണ സംഘം നിയമം, വകുപ്പ് 66 എ പ്രകാരം ഇതിനാൽ നിർദ്ദേശം നൽകുന്നു. കൂടാതെ, അതുപ്രകാരം നിശ്ചയിക്കുന്ന സമയക്രമത്തിന് അനുഗതമായി സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർ അവരുടെ ഉരുക്കളുടെ രണ്ടുനേരത്തെ കറവകൾ തമ്മിലുള്ള ഇടവേള 12 മണിക്കൂർ ആയി ക്രമീകരിക്കുന്നതിന് വേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ പ്രാഥമിക സംഘങ്ങളും മേഖലാ യൂണിയനുകളും ഏറ്റെടുത്ത് നടത്തേണ്ടതും ഇക്കാര്യത്തിൽ കർഷകരുടെ ഭാഗത്ത് നിന്നുള്ള സഹകരണം ഉറപ്പ് വരുത്തേണ്ടതുമാണ്.

Signed by
Dr. Kowsigan A. I A S
Date: 17-04-2023 19:48:42
**ഡയറക്ടർ/ക്ഷീരസഹകരണ സംഘങ്ങളുടെ രജിസ്ട്രാർ**

**സ്വീകർത്താവ്**

1. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കെ.സി.എം.എം.എഫ്
2. അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി കൺവീനർ/ മാനേജിംഗ് ഡയറക്ടർ, റ്റി.ആർ.സി.എം.പി.യു
3. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, ഇ.ആർ.സി.എം.പി.യു

4. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, എം.ആർ.സി.എം.പി.യു
5. എല്ലാ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്കും (ആപ്കോസ്, നോൺ ആപ്കോസ്) - ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ വഴി

**പകർപ്പ്**

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ക്ഷീരകർഷകക്ഷേമനിധി ബോർഡ
2. ജോയിന്റ് ഡയറക്ടർ (ജനറൽ/പ്ലാനിംഗ്/സ്റ്റേറ്റ് ഡയറി ലാബ്)
3. ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ/പ്ലാനിംഗ്/എക്സ്റ്റൻഷൻ/ഐ.റ്റി)
4. വകുപ്പിലെ എല്ലാ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്കും
5. ഐ. റ്റി . സെൽ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ശേഖരസഞ്ചയം